(എ) പുതിയ അദ്ധ്യായന വർഷം സംസ്ഥാനത്ത് ഏതെല്ലാം ക്ലാസ്സുകളിലെ ഏതെല്ലാം പാഠപുസ്തകങ്ങൾ മാറ്റം വരുത്തിയിട്ടുണ്ട് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളുടെ അച്ചടി ഇതിനകം പൂർത്തിയായിട്ടുണ്ടെന്നും ഏതൊക്കെ ഇനി പൂർത്തിയാക്കാനുണ്ടെന്നും വ്യക്തമാക്കുമോ ;

(ഡി) അച്ചടി പൂർണ്ണമായും പൂർത്തിയാക്കി എന്നത്തേയ്ക്ക് പുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 1999-2000 അദ്ധ്യായന വർഷത്തിൽ സംസ്ഥാനത്തെ കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകളിലെ ആറാം ക്ലാസ്സിൽ ഏർപ്പെടുത്തിയ പുതിയ പാഠപുസ്തകങ്ങൾ 2000-2001 അദ്ധ്യായന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ആറാം ക്ലാസ്സിൽ ഏർപ്പെടുത്തിയിട്ടുണ്ട്. 2000-2001 അദ്ധ്യായന വർഷം മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഏഴാം ക്ലാസ്സിൽ ഉപപാഠപുസ്തകങ്ങൾ ഒഴിച്ചുള്ള എല്ലാ പാഠപുസ്തകങ്ങൾക്കും മാറ്റമുണ്ട്.

(ബി) പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിവരുന്നു. വളരെ കുറച്ചു പാഠപുസ്തകങ്ങൾ മാത്രമേ ഇനി അച്ചടിക്കാനുള്ളു. ചില പ്രസ്സുകൾ വരുത്തിയ കാലതാമസം കൊണ്ടാണ്.

(സി) 5,6,7,8 എന്നീ ക്ലാസ്സുകളിലെ ഏതാനും ചില പാഠപുസ്തകങ്ങൾ ഒഴിച്ച് മറ്റുള്ള എല്ലാ പാഠപുസ്തകങ്ങളുടേയും അച്ചടി പൂർത്തിയാക്കിയിട്ടുണ്ട്. 2 കോടി 45 ലക്ഷം പുസ്തകങ്ങൾ അച്ചടിച്ചു കഴിഞ്ഞു.

(ഡി) ജൂൺ മാസം അവസാനിക്കുന്നതിനു മുമ്പു എല്ലാ പാഠപുസ്തകങ്ങളുടേയും അച്ചടിയും വിതരണവും പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തിരുവനന്തപുരം കോർപ്പറേഷനിലെ ജനകീയാസൂത്രണം

9(*99) ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷനിൽ ജനകീയാസൂത്രണം നടപ്പാക്കിയതിലുള്ള അഴിമതി സംബന്ധിച്ച കേസിൽ പദ്ധതിചെലവുകളുടെ

LIBRARY ARCHIVES Kerala Legislative Assembly

കണക്ക് ആഡിറ്റ് ചെയ്യുവാൻ അക്കൗണ്ടന്റ് ജനറലിന് ഹൈക്കോടതി നിർദ്ദേശം നൽകിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതനുസരിച്ച് അക്കൗണ്ടന്റ് ജനറൽ കണക്കുകൾ ആഡിറ്റ് ചെയ്തതു സംബന്ധിച്ച് റിപ്പോർട്ട് ഹൈക്കോടതിക്ക് സമർപ്പിച്ചതായി അറിവുണ്ടോ ;

(സി) റിപ്പോർട്ടിൻമേൽ നിയമ നടപടികൾ സ്വീകരിക്കുവാൻ ഹൈക്കോടതി ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതനുസരിച്ച് എന്ത് നടപടി സ്വീകരിച്ചു ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാണോ ; എങ്കിൽ മേശപ്പുറത്ത് വയ്ക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) തിരുവനന്തപുരം നഗരത്തിലെ പദ്ധതി ചെലവുകൾ സംബന്ധിച്ച് പരിശോധന നടത്തുന്നതിന് ഹൈക്കോടതി അക്കൗണ്ടന്റ് ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സമർപ്പിച്ചിട്ടുണ്ട്.

(സി) പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ യുക്തമായ നടപടി ഗവൺമെന്റിന് സ്വീകരിക്കാമെന്നാണ് ഹൈക്കോടതിയുടെ നിർദ്ദേശം.

(ഡി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) റിപ്പോർട്ടിൻമേൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാൽ ആയത് സഭയുടെ മേശപ്പുറത്ത് വയ്ക്കുവാൻ നിർവ്വാഹമില്ല.

പ്ളസ് ടു കോഴ്സുകൾ അനുവദിച്ചതിന്റെ മാനദണ്ഡം

10(*100) ശ്രീമതി എൻ. കെ. രാധ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം പുതുതായി പ്ളസ് ടു കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്ളസ് ടു കോഴ്സ് അനുവദിച്ചതിന്റെ മാനദണ്ഡം വ്യക്തമാക്കുമോ ;

(സി) സർക്കാർ ഹൈക്കോടതിയിൽ സമർപ്പിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ പ്ളസ് ടു കോഴ്സ് അനുവദിച്ചത് എന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly